"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-കോട്ടയം ജില്ല-2026-കാലവർഷക്കെടുതിയിൽ പ്രളയജലം,മണ്ണിടിച്ചിൽ/ഉരുൾപ്പൊട്ടൽ എന്നിവ മൂലം മണ്ണ്,ചെളി,പാറ തുടങ്ങിയവ വീടുകളിൽ കയറിയതുമൂലം നാശനഷ്ടം സംഭവിച്ച 51,152 കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനായി CMDRF വിഹിതമായ 5000/-രൂപ വീതം നൽകുന്നതിനായി ആകെ ₹25,57,60,000/-രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്. -ബി). വകുപ്പ്**

സ.ഉ.(സാധാ) നം.1938/2026/RD തീയതി,തിരുവനന്തപുരം, 29-09-2026

പരാമർശം:-

1. സ.ഉ.(സാധാ)നം.343/2026/DMD തീയതി.21.08.2026.
2. കോട്ടയം ജില്ലാ കളക്ടറുടെ 08.9.2026-ലെ DCKTYM/2850/26-DM1.നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.380/2026/ഡിഎംഡി. തീയതി,21.09.2026.

**ഉത്തരവ്**

2026-ലെ കാലവർഷക്കെടുതിയിൽ പ്രളയജലം കയറിയോ,മണ്ണിടിച്ചിൽ/ഉരുൾപ്പൊട്ടൽ മൂലം മണ്ണ്, ചെളി,പാറ എന്നിവ വീടുകളിൽ കയറിയോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനുള്ള ധനസഹായമായി റേഷൻ കാർഡ് ഒന്നിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 5000/-രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5000/-രൂപ വീതവും അനുവദിച്ചു നൽകുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ചുവടെ പറയുന്ന അഞ്ച് താലൂക്കുകളിലായി 51,152 കുടുംബങ്ങൾക്ക് 10,000/- രൂപ നൽകുന്നതിനായി ആകെ ₹51,15,20,000/-രൂപ ആവശ്യമാണെന്നും പ്രസ്തുത തുകയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള വിഹിതമായ 5,000/-രൂപ വീതം ആകെ ₹25,57,60,000/-(ഇരുപത്തഞ്ച് കോടി അമ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)രൂപ അനുവദിച്ച് നൽകണമെന്നും കോട്ടയം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

| Sl No | Taluk | No. of Water logging | SDRF | CMDRF |
|---|---|---|---|---|
| 1 | Kottayam | 28049 | 14,02,45,000 | 14,02,45,000 |
| 2 | Changanassery | 3594 | 1,79,70,000 | 1,79,70,000 |
| 3 | Meenachil | 2467 | 1,23,35,000 | 1,23,35,000 |
| 4 | Vaikom | 16689 | 8,34,45,000 | 8,34,45,000 |
| 5 | Kanjirappally | 353 | 17,65,000 | 17,65,000 |
| | Total | **51,152** | **25,57,60,000** | **25,57,60,000** |

ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള വിഹിതമായി 25,57,60,000/-രൂപ കോട്ടയം ജില്ലയ്ക്ക് പരാമർശം (3) പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-ലെ കാലവർഷക്കെടുതിയിൽ പ്രളയജലം,മണ്ണിടിച്ചിൽ/ഉരുൾപ്പൊട്ടൽ എന്നിവ മൂലം മണ്ണ്, ചെളി, പാറ തുടങ്ങിയവ വീടുകളിൽ കയറിയതുമൂലം നാശനഷ്ടം സംഭവിച്ച കോട്ടയം ജില്ലയിലെ മേൽ പറഞ്ഞ അഞ്ച് താലൂക്കുകളിലെ 51,152 കുടുംബങ്ങൾക്ക് വീട് വ്ൃത്തിയാക്കുന്നതിനായി CMDRF വിഹിതമായ 5000/-രൂപ വീതം നൽകുന്നതിനായി ആകെ **₹25,57,60,000/- (ഇരുപത്തഞ്ച് കോടി അമ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4) വിതരണത്തിനാവശ്യമായി വരുന്ന തുകയായ **₹25,57,60,000/- (ഇരുപത്തഞ്ച് കോടി അമ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള **T.P.80** അക്കൗണ്ടിൽ നിന്നും കോട്ടയം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

5) തുക വിതരണം ചെയ്യുന്നതിനു മുമ്പ് ഗുണഭോക്താവിന് ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതും അപ്രകാരം തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

കമ്മീഷ്ണർ ലാൻഡ് റവന്യൂ,തിരുവനതപുരം.
ജില്ലാ കളക്ടർ,കോട്ടയം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ,കോട്ടയം (ട്രഷറി ഡയറക്ടർ,തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ (എ) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(DRF-A4/46/2026-REV)

ഉത്തരവിൻ പ്രകാരം
Digitally signed by
Rakesh Paul
Date: 29-09-2026
15:32:33
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി .എ.യ്ക്ക്.

റവന്യൂ (ഡി.ആർ.എഫ്.എ,ബി) വകുപ്പകൾക്ക്.